## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2131 — 11.06.2018 ൽ മറുപടിക്ക്

## വ്യാജ ചികിത്സകർക്കെതിരെയുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | യുക്തി ഭദ്രമല്ലാത്തതും അശാസ്ത്രീയവുമായ കാര്യങ്ങൾ, ആധുനിക വൈദ്യശാസ്ത്രത്തിനും ചികിത്സയ്ക്കുമെതിരെ പ്രചരിപ്പിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ആധുനിക വൈദ്യശാസ്ത്രത്തിനെതിരെ ഒളിഞ്ഞും തെളിഞ്ഞും പ്രചരണം നടത്തുന്ന ചെറിയ ഒരുവിഭാഗം യാതൊരു അടിസ്ഥാനവുമില്ലാതെ കാര്യങ്ങളെ പ്രചരിപ്പിച്ചുകൊണ്ട് സാമൂഹ്യമാധ്യമങ്ങളിലും മറ്റു മീഡിയകളിലും പ്രത്യക്ഷപ്പെടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യ സമൂഹത്തിന് ഏറ്റവും ദോഷകരമായിട്ടുള്ള പല സാംക്രമികരോഗങ്ങളുടെയും വസൂരി, കോളറ, അഞ്ചാംപനി, പോളിയോ, ഡിഫ്റ്റീരിയ, വില്ലൻചുമ, ടെറ്റനസ് തുടങ്ങിയ രോഗങ്ങൾക്കെതിരെ ശക്തമായ ബോധവൽക്കരണ പരിപാടികളിലൂടെയും ഉൻമൂലനം ചെയ്യുകയും നിയന്ത്രണ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ശാസ്ത്രീയമായി നയിക്കപ്പെട്ട വൈദ്യശാസ്ത്ര പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതോ തെറ്റിദ്ധരിപ്പിക്കുന്നതിനോ അവാസ്തവ പ്രചരണങ്ങൾ നടത്തുന്ന ആളുകൾക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല ഈ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളുടെയിടയിൽ പത്ര മാധ്യമങ്ങളിലൂടെയും ഇലക്ട്രോണിക് മീഡി. വഴിയും (റ്റി.വി./റേഡിയോ)നവ മാധ്യമങ്ങൾ വഴിയും ശക്തമായ എതിർപരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | നിയമവിധേയമായി ഇത്തരക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും വ്യാജചികിത്സ അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ബി) | വ്യാജ ചികിത്സ നടത്തുന്നത് നിയമവിരുദ്ധമായ നടപടിയാണ്. അതിനെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ